5.	സവിതാ പ്രിന്റേഴ്സ്, മൈസൂർ (കന്നട പുനരച്ചടി മാത്രം)	..	1
6.	വിദ്യാരംഭം പ്രസ്സ്, ആലപ്പുഴ	..	1 (നാലു ഭാഷകളിൽ)
7.	വിക്ടറി പ്രസ്സ്, കുന്നംകുളം	..	2 (ഒരെണ്ണം നാലു ഭാഷയിലും ഒരെണ്ണം ഒരു ഭാഷയിലും)
8.	കുമാർ പ്രിന്റേഴ്സ്, കൊല്ലം	..	6 (4 എണ്ണം നാലു ഭാഷകളിലും 2 എണ്ണം മൂന്നു ഭാഷകളിലും)
9.	കോറണേഷൻ ലീത്തോ വർക്സ്, ശിവകാശി	..	1 (നാലു ഭാഷകളിൽ)
10.	കുമുദം പ്രിന്റേഴ്സ്, മദ്രാസ്	..	3 (രണ്ടെണ്ണം നാലു ഭാഷകളിലും ഒരെണ്ണം മൂന്നു ഭാഷകളിലും

ഇതിൽ പയനിയർ മുത്തു പ്രസ്സ്, ബാലൻ പ്രസ്സ്, സവിതാ പ്രിന്റേഴ്സ്, കോറണേഷൻ, കുമുദം എന്നീ പ്രസ്സുകൾക്ക് പുനരച്ചടി മാത്രമാണ് നൽകിയിട്ടുള്ളത്.

മരിച്ചീനിയിൽ നിന്നും ചാരായം ഉൽപ്പാദിപ്പിക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടി

* 137. [140] ശ്രീ. പി. വിജയദാസ് :
,, എ. സി. ഷൺമുഖദാസ് :
,, ആർ. എസ്. ഉണ്ണി :
ശ്രീമതി റേച്ചൽ സണ്ണി പനവേലി :
ശ്രീ. കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരിച്ചീനിയിൽ നിന്നും ചാരായം ഉണ്ടാക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായോ ;

(ബി) ഇതേ ആവശ്യത്തിനു വേണ്ടി ഗവൺമെന്റ് ഉടമയിലുള്ള ഏതെങ്കിലും കമ്പനി മരച്ചീനി വാങ്ങി ശേഖരിക്കുകയുണ്ടായോ ;

(സി) ഈ ഇനത്തിൽ ചെലവായ സംഖ്യ എത്ര ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശിനിവാസൻ) :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് മരിച്ചീനിയിൽ നിന്നും റെക്റ്റിഫൈഡ് സ്പിരിറ്റ് ഉണ്ടാക്കുന്നതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചിരുന്നു. ഈ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. മരച്ചീനിയിൽ നിന്ന് റെക്റ്റിഫൈഡ് സ്പിരിറ്റ് ഉൽപ്പാദിപ്പിക്കുവാൻ ഡിസ്റ്റിലറി സ്ഥാപിക്കുന്നതിനുവേണ്ടി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച അപേക്ഷ ഈ ഗവൺമെൺറ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതേ ആവശ്യത്തിനായി കേരളാ സ്റ്റേറ്റ് ബെവറേജസ് കോർപ്പറേഷൻ സമർപ്പിച്ച അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. മരിച്ചീനിയിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റ് ഉണ്ടാക്കുന്നതിന് ചെറുകിട മേഖലയിൽ മൂന്നു ഡിസ്റ്റിലറി കൾ തുടങ്ങുന്നതിന് അംഗീകാരം കൊടുക്കുവാൻ എക്സൈസ് കമ്മീഷ ണർക്ക് നിർദ്ദേശം കൊടുത്തിരുന്നത് പിന്നീട് റദ്ദാക്കി.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചി തുറമുഖത്തിന്റെ ഉപ തുറമുഖം

* 138. [141] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. ടി. കെ. അബ്ദു :

,, ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി തുറമുഖത്തിന്റെ ഉപ തുറമുഖമായി സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങൾ ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ആലപ്പുഴ തുറമുഖം കൊച്ചിതുറമുഖത്തിന്റെ ഉപ തുറമുഖ മാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിന് നിവേദനം കൊടു ത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ന് ;

(ഡി) അതിൻമേൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ആലപ്പുഴ തുറമുഖം കൊച്ചി തുറമുഖത്തിന്റെ ഉപ തുറമുഖമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1972 മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(ഡി) കേന്ദ്ര ഗവൺമെന്റ് ഈ നിർദ്ദേശം തള്ളികളയുകയാണ് ഉണ്ടായത്.

പുകയില, തുണിത്തരങ്ങൾ, പഞ്ചസാര എന്നീ സാധനങ്ങളിൻമേലുള്ള വിൽപ്പന നികുതി

* 139. [142] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുകയില, തുണിത്തരങ്ങൾ പഞ്ചസാര എന്നീ സാധനങ്ങളിൻ മേൽ സംസ്ഥാന ഗവൺമെന്റ് വിൽപ്പന നികുതി ഈടാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം ;

(സി) ഒരു വർഷം ഈ ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്തു വരുമാനം ഉണ്ടാകും ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ, ബി) ഇൻഡ്യൻ നിർമ്മിത പുകയില, തുണിത്തരങ്ങൾ, പഞ്ചസാര എന്നീ സാധനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് നികുതി ചുമത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly